# Souvenir



# ST. MARY'S FORANE CHURCH
## RE-CONSTRUCTED - 1980

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# ആരാധനാക്രമത്തിൽ സംഗീതത്തിനുള്ള സ്ഥാനം



ഫാ. ജോസഫ് പാലയ്ക്കൽ CMI

''പാടുന്നവൻ ഇരുമടങ്ങു പ്രാർത്ഥിക്കയത്രെ'' എന്നു് വി. ആഗസ്തീനോസ് പറയുകയുണ്ടായി. അതിനു് ശാസ്ത്രീയമായ കാരണമുണ്ടു്. ഒരാശയം പറയുന്നതിനെടുക്കുന്നതിനേക്കാൾ കൂടുതൽ സമയം പാടാനെടുക്കുന്നു. 'ദൈവകുമാരൻ കാൽവരിക്കുന്നിൽ ബലിയണച്ചു' എന്നു പറയാൻ മൂന്നു സെക്കൻറ് മതി. എന്നാൽ അതു പാടുവാൻ എട്ടു സെക്കൻറിൽ കൂടുതൽ വേണ്ടിവരും. അപ്പോൾ ഓരോ അക്ഷരത്തിനും ഓരോ വാക്കിനും കൂടുതൽ സമയവും ശ്രദ്ധയും ലഭിക്കുന്നു. അങ്ങനെ പ്രാർത്ഥന കൂടുതൽ അർത്ഥവത്താകുന്നു.

പക്ഷെ ഇന്നത്തെ നമ്മുടെ ദേവാലയഗാനങ്ങൾ പലതും പാടുന്നതു കേട്ടാൽ ഇരുമടങ്ങിനുപകരം അരമടങ്ങേ പ്രാർത്ഥിക്കുന്നുള്ളു എന്നു തോന്നിപ്പോകും. ആ തരത്തിലുള്ളതാണു് പാട്ടിലെ ആശയവും പാടുന്നരീതിയും. ആശയദാരിദ്ര്യം കുറച്ചൊന്നുമല്ല. ആശയങ്ങളുണ്ടെങ്കിലല്ലേ ശ്രദ്ധിച്ചിട്ടു കാര്യമുള്ളു. കുറച്ചു പൂവും അർച്ചനയും പ്രകാശവും താലവുമൊക്കെയുണ്ടെങ്കിൽ പാട്ടായി. കഞ്ഞിവെള്ളത്തിൽ മുങ്ങിത്തപ്പി 'വററ്' കണ്ടുപിടിക്കുന്നതുപോലെ വേണം എട്ടോ പത്തോ വരികൾ പാടി ഒരാശയം കണ്ടുപിടിക്കാൻ. ''വാവാ യേശു നാഥാ, വാവാ സ്നേഹനാഥാ,'' പാടി രോമാഞ്ചമണിഞ്ഞ നാളുകൾ പഴയതാണു്!

''ഈശോയെ സ്നേഹനിധേ
ദാസരിതാ വന്നരുകിൽ
ആശിസ്സുകൾ അഖിലവും നീ
വീശിടുവാൻ കനിയണമെ

ഇമ്പമെഴും നിൻ തിരുമെയ്
കുമ്പിടുവാനാശയൊടെ
അൻപെഴും സക്രാരിയതിൻ
മുൻപിലണഞ്ഞാദരവായ്''

പറഞ്ഞാൽ പോലും പാട്ടായിപ്പോകുന്ന വരികൾ. നാലുവർഷം ദൈവശാസ്ത്രം പഠിച്ചിട്ടും സക്രാരിയിലുള്ള ഈശോയുടെ സജീവ സാന്നിദ്ധ്യത്തിൻെറ വൈകാരികാനുഭൂതി എനിക്കു നഷ്ടമാകാതിരുന്നതിൻെറ കാരണം കുട്ടിയായിരുന്നപ്പോൾ ഞാനീ പാട്ടുപാടിയിരുന്നു എന്നതാണു്!?



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

## പാട്ടും സംഗീതവും:

ആശയത്തിൽ മാത്രമല്ല സംഗീതത്തിന്റെ കാര്യത്തിലും നമുക്കു് ദാരിദ്ര്യം അനുഭപ്പെട്ടു തുടങ്ങിയിരിക്കുന്നു. 'പുതിയ സെററു്' പാട്ടിനു വേണ്ടിയുള്ള പരക്കം പാച്ചിലിനിടയിൽ കിട്ടുന്ന വരികൾ തല്ലിക്കൂട്ടി ഒരു ട്യൂൺ ഉണ്ടാക്കും. അതു് ഗംഭീരമായ ഓർക്കെസ്ട്രായുടെ പിൻബലത്തോടെ അവതരിപ്പിച്ചുകഴിഞ്ഞു് 'ഉഗ്ര'നായെന്ന അഭിപ്രായവും കൂടി കിട്ടിയാൽ പിന്നെ എല്ലാം തികഞ്ഞു. പാട്ടും സംഗീതവും തമ്മിൽ കായലും കടലും പോലെയുള്ള അന്തരമുണ്ടു്. ഒരു സമൂഹത്തിന്റെ ആദ്ധ്യാത്മികതയുടെ ആഴം അവർ ഉപയോഗിക്കുന്ന ഗാനങ്ങളിൽ നിന്നും സംഗീതശൈലിയിൽനിന്നും തിരിച്ചറിയാം. ഇന്നത്തെ നമ്മുടെ പല പാട്ടുകളും സംഗീതത്തിന്റെ വളരെ താഴ്ന്ന പടിവരെയെ നമ്മെ എത്തിക്കുന്നുള്ളു. ഭാരതത്തിലെ ശാസ്ത്രീയ സംഗീതശൈലി ആഴമേറിയ ആദ്ധ്യാത്മികതയിൽ നിന്നുടലെടുത്തിട്ടുള്ളതാണു്. വേദങ്ങൾ ഉരുവിടുന്നതിനും പൂജാസമയത്തു് മന്ത്രങ്ങൾ ഉച്ചരിക്കുന്നതിനും സംഗീതം ഉപയോഗിച്ചുപോന്നു. അങ്ങനെ വളർന്നു വന്നതാണു് ഇന്ത്യൻ ശാസ്ത്രീയസംഗീതം. കൃതികളെല്ലാം തന്നെ കീർത്തനങ്ങളാണു് നമ്മുടെ ഭാഷയിൽ പറഞ്ഞാൽ സങ്കീർത്തനങ്ങൾ. പക്ഷെ എന്തുകൊണ്ടോ ആ സംഗീതശൈലി നാമിനിയും സ്വീകരിച്ചിട്ടില്ല. 'മുന്തിരിങ്ങ പുളിക്കും' എന്ന കുറുക്കന്റെ മുടന്തൻ ന്യായംപോലെ അതു ഹിന്ദുക്കളുടേതാണെന്നുപറഞ്ഞു് നാം മാററിനിർത്തി. (കുട്ടിയായിരുന്നപ്പോൾ അമ്പലത്തിൽ ഒളിച്ചുപോയി പാട്ടുകച്ചേരി കേട്ട കഥയോർത്തു് ചിരിക്കാറുണ്ടു്). ശാസ്ത്രീയസംഗീതം നമുക്കുള്ളതല്ല എന്ന മനോഭാവമായിരുന്നു.

കഴിഞ്ഞകാലത്തു് (ഇരുപതുവർഷം മുമ്പുവരെ) ആ മനോഭാവം വച്ചുപുലർത്തിയതിൽ കുറച്ചു നീതീകരണമുണ്ടു്. കാരണം, സുറിയാനി ക്രൈസ്തവർക്കു് അവരുടേതായ തനിമയുള്ള സുറിയാനി സംഗീതശൈലിയുണ്ടായിരുന്നു. ലാളിത്യം കൊണ്ടു ശാസ്ത്രീയമായിത്തീർന്ന (classical due to its simplicity) ഒരു പ്രത്യേക ഗാനശൈലിയാണിതു്. വാക്കുകളുടെ അർത്ഥം മനസ്സിലാകാതെതന്നെ മനസ്സിനെ ആദ്ധ്യാത്മികാനുഭൂതിയുടെ ഉന്നതമേഖലകളിലേയ്ക്കുയർത്തുവാൻ അതുപകരിച്ചിരുന്നു. പക്ഷെ പിന്നീടു് മലയാളീകരിച്ചപ്പോൾ കടിച്ചതുമില്ല പിടിച്ചതുമില്ലെന്ന മട്ടായി. സുറിയാനി സംഗീതശൈലിയും ഇന്ത്യൻ ശാസ്ത്രീയസംഗീതശൈലിയും ഉപേക്ഷിച്ചിട്ടു് ലളിതഗാനശൈലിയാണു് സ്വീകരിച്ചതു്. ഇന്നതു പരിണാമം സിദ്ധിച്ചു് സിനിമാഗാനശൈലിയായിത്തീർന്നു എന്നുമാത്രം. സുറിയാനി സംഗീതശൈലി ഇപ്പോൾ നിലവിലിരിക്കുന്നതു് മരിച്ചവരുടെ തിരുക്കർമ്മങ്ങളിലും (വൈദികരുടെ?) കാനോനനമസ്കാരത്തിലുമാണു്. എന്നാൽ ഈ അടുത്തകാലത്തു് കേരളത്തിലെ ഒരു പ്രമുഖ സംഗീതസ്ഥാപനം കാനോനനമസ്കാരത്തിലെ പാട്ടുകളും ''മോഡേൺ'' ആക്കി. പുതിയ ററ്യൂൺ കൊടുത്തു. ശോചനീയമെന്നേ ഈ സംരംഭത്തെ വിശേഷിപ്പിക്കാനാവൂ. അധികം കഴിയുന്നതിനുമുമ്പു് മരിച്ചവരുടെ തിരുകർമ്മങ്ങൾക്കും 'മോഡേൺ' ററ്യൂണുകൾ ആ സ്ഥാപനത്തിൽനിന്നുതന്നെ ഉണ്ടായില്ലെങ്കിലേ അതിശയത്തിനവകാശമുള്ളു. 'സുറിയാനി' സഭയുടെ തനിമ (identity) അടുത്തതലമുറയെ അനുസ്മരിപ്പിക്കുന്നതിനുവേണ്ടിയുള്ള ഒരു ഉപാധിയായിട്ടെങ്കിലും ഈ സംഗീതശൈലി ആരാധനാക്രമത്തിൽ നിലനിർത്തേണ്ടതാണു്.

ഹിന്ദുസ്ഥാനി ശാസ്ത്രീയ സംഗീതത്തിലെ ചില രാഗങ്ങൾ സുറിയാനി



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA
REG. NO. 118/IV/2016

For further information
regarding this text Please contact:

*info@thecmsindia.org*
*library@thecmsindia.org*

---

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

---

- DIGITAL LIBRARY
- ARAMAIC PROJECT
- DIRECTORY OF CHRISTIAN SONGS
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART